# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4854 05.02.2014-ൽ മറുപടിയ്ക്ക്

കോഴി ഫാമുകൾക്കുള്ള ലൈസൻസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) | കോഴി ഫാമുകൾക്ക് ലൈസൻസ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;വ്യക്തമാക്കാമോ; | എ) | 19/4/2012 ലെ 815 ാം നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം പ്രസിദ്ധപ്പെടുത്തിയ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) 3 മുതൽ 8 വരെയുള്ള ചട്ടങ്ങളിൽ കോഴി ഫാമുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കിയിട്ടുണ്ട്. |
| ബി) | പഞ്ചായത്തുകളും, മൃഗസംരക്ഷണ വകുപ്പും നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളിൽ വ്യത്യാസം ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് മൂലം കർഷകർക്കുണ്ടാവുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ; | ബി) | വ്യക്തമാക്കാം.<br>നിലവിലുളള ചട്ടങ്ങൾ പ്രകാരം മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് അധികാരം നൽകുന്നതൊഴികെ, മൃഗസംരക്ഷണ വകുപ്പ് പ്രത്യേകിച്ച് മാനദണ്ഡങ്ങൾ ഒന്നും തന്നെ നിഷ്ക്കർഷിച്ചിട്ടില്ല.<br><br>കേരളത്തിലെ കോഴികർഷകരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പരിസര മലിനീകരണ നിയന്ത്രണബോർഡ് , ആരോഗ്യവകുപ്പ് എന്നീ സ്ഥാപനങ്ങളിൽ നിന്നും അംഗീകാരം നേടി ലൈസൻസ് ലഭ്യമാക്കുന്നതിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും പഞ്ചായത്തുതല മൃഗസംരക്ഷണ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് |

| | | |
|---|---|---|
| | | പ്രവർത്തനം നടത്തുവാൻ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) | കോഴിവളർത്തൽ സംബന്ധിച്ചുള്ള വിഷയങ്ങൾ ഏത് ഡയറക്ടറേറ്റിന് കീഴിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | സി) സംസ്ഥാനത്തെ കോഴി വളർത്തൽ സംബന്ധിച്ചുളള വിഷയങ്ങൾ കേരള മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിലാണ് പ്രർത്തിക്കുന്നത്. |

Seela

സെക്ഷൻ ഓഫീസർ